15 -ാം കേരള നിയമസഭ

16 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1792 — 04-02-2026 - ൽ മറുപടിയ്ക്ക്

## കുറവിലങ്ങാട് സയൻസ് സിറ്റിയുടെ രണ്ടാംഘട്ട വികസനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കുറവിലങ്ങാട് സയൻസ് സിറ്റിയുടെ രണ്ടാംഘട്ട വികസനത്തിന് എത്ര തുക അനുവദിച്ചിട്ടുണ്ട്; ഇതിന്റെ നിലവിലെ പുരോഗതി വിശദമാക്കാമോ; | (എ) | കുറവിലങ്ങാട് സയൻസ് സിറ്റിയുടെ രണ്ടാംഘട്ടത്തിന്റെ ഭാഗമായുള്ള പ്ലാനറ്റേറിയം ഉൾക്കൊള്ളുന്ന സ്പേസ് തിയേറ്റർ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിക്കാനായി 9,79,08,642/- രൂപയുടെ ഭരണാനുമതി നൽകുകയും പ്രസ്തുത ആവശ്യത്തിനായി 3 കോടി രൂപ നടപ്പ് സാമ്പത്തിക വർഷത്തിൽ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ സാങ്കേതികാനുമതി ലഭ്യമാക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. മോഷൻ സിമുലേറ്റർ കെട്ടിടത്തിന്റെയും, സംഗീത ജലധാര സ്ഥാപിക്കാനുള്ള ആംഫി തീയേറ്ററിന്റേയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. മോഷൻ സിമുലേറ്ററും, എ.ആർ.വി.ആർ തീയേറ്ററിലെ ഉപകരണങ്ങളും, ആംഫി തിയേറ്ററിലെ ഉപകരണങ്ങളും സ്ഥാപിക്കുന്ന പ്രവൃത്തികൾ വരും വർഷങ്ങളിലെ പദ്ധതിയിനത്തിൽ ഉൾപ്പെടുത്തി നിർവ്വഹിക്കാനാണ് ഉദ്ദേശിക്കുന്നത്.<br><br>കോട്ടയം സയൻസ് സിറ്റിയുടെ തുടർ വികസനപ്രവർത്തനങ്ങൾക്കായി നടപ്പ് സാമ്പത്തിക വർഷം 5 കോടി രൂപയുടെ ഭരണാനുമതി കൂടി നൽകുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. |
| (ബി) | രണ്ടാംഘട്ട വികസനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രധാന പദ്ധതികളും സൗകര്യങ്ങളും ഏതെല്ലാമാണ്; | (ബി) | പിരിവ് (എ)-യിൽ മറുപടി നൽകിയിട്ടുണ്ട്. |
| (സി) | രണ്ടാംഘട്ട വികസന പ്രവർത്തനങ്ങൾ ആരംഭിക്കാനുണ്ടായ താമസത്തിന്റെ കാരണം എന്താണ്; ആയതിന് പരിഹാരം കാണാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം; | (സി) | കോട്ടയം സയൻസ് സിറ്റിയുടെ ഒന്നാംഘട്ടം പൂർത്തിയാക്കി 2025 ജൂലായ് മൂന്നാം തീയതി മുതൽ പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കുകയും ഉടൻ തന്നെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അതിനാൽ |

| | | | |
|---|---|---|---|
| | | | രണ്ടാംഘട്ട വികസന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് കാലതാമസം ഉണ്ടായിട്ടില്ല. |
| (ഡി) | ഈ വികസന ഘട്ടം പൂർത്തിയാകുന്നതോടെ വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ലഭിക്കാനിരിക്കുന്ന പുതിയ ശാസ്ത്ര–സാങ്കേതിക സൗകര്യങ്ങൾ ഏതെല്ലാം; | (ഡി) | സന്ദർശകരിൽ ശാസ്ത്ര അവബോധവും ശാസ്ത്ര അഭിരുചിയും വളർത്തിയെടുക്കുന്ന അനൗപചാരിക വിദ്യാഭ്യാസ സ്ഥാപനമായാണ് സയൻസ് സിറ്റിയെ വിഭാവനം ചെയ്തിരിക്കുന്നത്. ഇതിന്റെ ഭാഗമായി വിനോദത്തിലൂടെ വിജ്ഞാനമാർജ്ജിക്കാൻ ഉതകുന്ന തരത്തിലുള്ള ശാസ്ത്ര പ്രദർശനികൾ, പ്ലാനറ്റേറിയം, വാനനിരീക്ഷണ സംവിധാനങ്ങൾ, മോഷൻസിമുലേറ്റർ, എ.ആർ.വി.ആർ തിയേറ്റർ എന്നിവയാണ് സയൻസ് സിറ്റിയിൽ ഉൾക്കൊള്ളിക്കുവാൻ വിഭാവനം ചെയ്തിരിക്കുന്നത്. രണ്ടാം ഘട്ടത്തിൽ പ്ലാനറ്റേറിയം, മോഷൻ സിമുലേറ്റർ, എ.ആർ.വി.ആർ തിയേറ്റർ, സംഗീത ജലധാര മുതലായവയാണ് പ്രവർത്തന സജ്ജമാക്കാൻ ഉദ്ദേശിക്കുന്നത്. ഇവ വിദ്യാർത്ഥികൾക്കും, പൊതുജനങ്ങൾക്കും കൂടുതൽ വിജ്ഞാനപ്രദമാകും. |
| (ഇ) | രണ്ടാംഘട്ട വികസനത്തിനായി ഭൂമി ഏറ്റെടുക്കൽ, ടെൻഡർ നടപടികൾ എന്നിവ പൂർത്തിയായിട്ടുണ്ടോ; നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (ഇ) | രണ്ടാംഘട്ട വികസനത്തിനായി ഭൂമി ഏറ്റെടുക്കലിന്റെ ആവശ്യകതയില്ല.<br><br>കുറവിലങ്ങാട് സയൻസ് സിറ്റിയുടെ രണ്ടാംഘട്ടത്തിന്റെ ഭാഗമായുള്ള പ്ലാനറ്റേറിയം ഉൾക്കൊള്ളുന്ന സ്പേസ് തിയേറ്റർ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിക്കാനായി 9,79,08,642/- രൂപയുടെ ഭരണാനുമതി നൽകുകയും പ്രസ്തുത ആവശ്യത്തിനായി 3 കോടി രൂപ നടപ്പ് സാമ്പത്തിക വർഷത്തിൽ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ സാങ്കേതികാനുമതി ലഭ്യമാക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. മോഷൻ സിമുലേറ്റർ കെട്ടിടത്തിന്റെയും, സംഗീത ജലധാര സ്ഥാപിക്കാനുള്ള ആംഫി തീയേറ്ററിന്റേയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. മോഷൻ സിമുലേറ്ററും, എ.ആർ.വി.ആർ തീയേറ്ററിലെ ഉപകരണങ്ങളും, ആംഫി തിയേറ്ററിലെ ഉപകരണങ്ങളും സ്ഥാപിക്കുന്ന പ്രവൃത്തികൾ വരും വർഷങ്ങളിലെ പദ്ധതിയിനത്തിൽ ഉൾപ്പെടുത്തി നിർവ്വഹിക്കാനാണ് ഉദ്ദേശിക്കുന്നത്.<br><br>കോട്ടയം സയൻസ് സിറ്റിയുടെ തുടർ വികസനപ്രവർത്തനങ്ങൾക്കായി നടപ്പ് സാമ്പത്തിക വർഷം 5 കോടി രൂപയുടെ ഭരണാനുമതി കൂടി നൽകുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. |

| | | | |
|---|---|---|---|
| (എഫ്) | പ്രസ്തുത പദ്ധതി പ്രദേശത്തെ വിദ്യാഭ്യാസമേഖലയ്ക്കും യുവജനങ്ങൾക്കും തൊഴിൽ അവസരങ്ങൾക്കുമായുള്ള പ്രതീക്ഷിത നേട്ടങ്ങൾ എന്തെല്ലാമാണ്; | (എഫ്) | സന്ദർശകരിൽ ശാസ്ത്ര അവബോധവും ശാസ്ത്ര അഭിരുചിയും വളർത്തിയെടുക്കുന്ന അനൗപചാരിക വിദ്യാഭ്യാസ സ്ഥാപനമായിട്ടാണ് സയൻസ് സിറ്റിയെ വിഭാവനം ചെയ്തിട്ടുള്ളത്. അതിന്റെ ഭാഗമായി വിനോദത്തിലൂടെ വിജ്ഞാനമാർജ്ജിക്കാൻ ഉതകുന്ന തരത്തിലുള്ള ശാസ്ത്ര പ്രദർശനികൾ, പ്ലാനറ്റേറിയം, വാനനിരീക്ഷണ സംവിധാനങ്ങൾ എന്നിവ ഉൾക്കൊള്ളിച്ചാണ് സയൻസ് സിറ്റി ആസൂത്രണം ചെയ്തിരിക്കുന്നത്. നിലവിൽ തുറന്നുകൊടുത്ത ആദ്യഘട്ടവും, പൂർത്തീകരിക്കേണ്ട രണ്ടാംഘട്ടവും മേൽ പ്രതീക്ഷിത നേട്ടങ്ങൾക്കനുസൃതമായിട്ടാണ് വിഭാവനം ചെയ്തിട്ടുള്ളത്. നിലവിൽ സയൻസ് സിറ്റിയിൽ ദിനംപ്രതി 450-ഓളം സന്ദർശകർ വിജ്ഞാന സമ്പാദനത്തിനായി എത്തുന്നുണ്ട്. സയൻസ് സിറ്റി സന്ദർശിക്കാനെത്തുന്ന ആളുകളെ ലക്ഷ്യമാക്കി ഗതാഗതം, ഹോസ്പിറ്റാലിറ്റി, ചെറുകിട വ്യാപാരം എന്നീ മേഖലകളിൽ മുന്നേറ്റമുണ്ടാവുകയും അത് വഴി പ്രാദേശിക വികസനവും തൊഴിൽ സാധ്യതകളും മെച്ചപ്പെടുകയും ചെയ്യും. |
| (ജി) | രണ്ടാംഘട്ട വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനായി സർക്കാർ നിശ്ചയിച്ചിരിക്കുന്ന സമയക്രമം എന്താണ്? അത് കൃത്യമായി പാലിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (ജി) | കോട്ടയം സയൻസ് സിറ്റിയിൽ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനായി പ്രത്യേക സമയക്രമം നിശ്ചയിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ